ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ മാതൃകയിലുള്ള ബസ്സുകൾക്കും ആവശ്യം വേണ്ടുന്ന സ്പെയർ പാർട്സുകൾ മാത്രമേ വാങ്ങി സൂക്ഷിക്കാറുള്ളൂ. അതിനാൽ മോഡലുകൾ മാറുന്നതനുസരിച്ച് വാങ്ങിയവ സാധാരണഗതിയിൽ ഉപയോഗ രഹിതമാകുന്നില്ല. എന്നാൽ ചില്ലറ സ്പെയർ പാർട്സുകൾ വളരെ കുറഞ്ഞ തോതിൽ മിച്ചം വരാറുണ്ട്. ഇത് ലേലത്തിലൂടെ വിൽക്കുമ്പോൾ മാത്രമേ നഷ്ടം കണക്കാക്കുവാൻ കഴിയൂ.

(സി) പരിശോധിച്ചിട്ടുണ്ട്. എല്ലാ തസ്തികകളിലും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ സ്റ്റാഫില്ല.

(ഡി) ഈ ഇനത്തിൽ നഷ്ടം വരുന്നില്ല.

കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം

49 [1370] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മാർച്ച് 31 വരെ കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിതനഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ എത്ര രൂപയുടെ നഷ്ടം നികത്താനായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യുടെ 2004-2005-ലെ കണക്ക് പൂർത്തിയായിട്ടില്ല. 2003-2004-ലെ താൽക്കാലിക കണക്കനുസരിച്ചുള്ള 119.97 കോടി രൂപ നഷ്ടമുൾപ്പെടെ 2003-2004 വരെയുള്ള സഞ്ചിതനഷ്ടം 1259.91 കോടി രൂപയാണ്.

(ബി) 2004-2005-ലെ വാർഷിക കണക്കുകൾ പൂർത്തിയായിട്ടില്ല. അവ പൂർത്തിയാകുന്നമുറയ്ക്കേ ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ.

കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബസ് ബോഡി നിർമ്മിക്കാൻ നടപടി

50 [1371] *ഡോ. എ. നീലലോഹിത ദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബസുകളുടെ ബോഡി ബിൽഡിംഗ് നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly